**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2345** **30-07-2021 - ൽ മറുപടിയ്ക്ക്**

**കലാകാരൻമാർക്ക് ക്ഷേമ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കലാകാര ക്ഷേമ പെൻഷനുകൾക്കുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ; | (എ) | സാംസ്കാരിക വകുപ്പ് മുഖേന അവശരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിമാസ ധനസഹായം/കലാകാരപെൻഷൻ അനുവദിച്ച് വരുന്നത് 11/08/2017ലെ സ.ഉ.(കൈ)21/2017/സാം.കാ.വ. സർക്കാർ ഉത്തരവിൻ പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50 വയസ്സ് പൂർത്തീകരിച്ചവരും വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെ ഉള്ളവരും ആയ അവശരായ എല്ലാ കലാകാരന്മാർക്കും കലാകാര പെൻഷന് വേണ്ടി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയതും വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമികൾ സൂക്ഷ്മ പരിശോധന നടത്തി ശിപാർശ ചെയ്ത് റിപ്പോർട്ട് സാംസ്കാരിക വകുപ്പദ്ധ്യക്ഷന് നൽകുന്ന മുറയ്ക്ക് ആയതിൽ ന്യൂനതകൾ ഉള്ള അപേക്ഷകരെ മാറ്റി നിർത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും യോഗ്യതയുള്ള, അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് ഉടങ്ങുകയുമാണ് ചെയ്യുന്നത്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ സർക്കാർ ഫണ്ടിൽ നിന്നുള്ള ക്ഷേമ പെൻഷനുകളോ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കാണ് ഈ പ്രതിമാസ ധനസഹായം അനുവദിച്ച് വരുന്നത്. |
| (ബി) | അവശ കലാകാരൻമാർക്കുള്ള ക്ഷേമ പെൻഷൻ പലർക്കും ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ